ടി. സി. സി. യിലെ മാനേജിംഗ് ഡയറക്ടർ

* 96. [273] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. സി. സി. യിലെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മലയാറ്റൂർ രാമകൃഷ്ണനെ തൽസ്ഥാനത്തുനിന്നും മാറ്റുവാനുണ്ടായ കാരണമെന്ത് ;

(ബി) വ്യവസായവകുപ്പുമന്ത്രിയുടെ അറിവോടും സമ്മതത്തോടും കൂടിയാണോ പ്രസ്തുത ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയത് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഡെപ്യൂട്ടേഷൻ കാലാവധി തീർന്നതുകൊണ്ട്.

(ബി) അപ്രകാരം മാറ്റുന്നതിന് അറിവും സമ്മതവും ആവശ്യമില്ല.

പുതിയ വ്യവസായങ്ങൾ

* 97. [275] ശ്രീ. കെ. പുരുഷോത്തമൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) പൊതു മേഖലയിൽ എത്ര;

(സി) സ്വകാര്യ മേഖലയിൽ എത്ര;

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ) 955

(ബി) 3

(സി) 952

Promotion of Tourism

* 98 [276] **Shri S. P. Luiz** : Will the Works Minister be pleased to state:

(a) Is there a Central body in this State to look after the promotion of Tourism;

(b) If so, which is that body and what is its composition;

(c) Have Government considered the question of associating men who have contact with foreign countries in this body?

Works Minister (**Shri T. K. Divakaran**) :

(a) No.

(b) & (c) Does not arise.

LIBRARY ARCHIVES Kerala Legislative Assembly